"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- ബജറ്റ് 2024-25- പ്ലാൻ പദ്ധതികൾ- പദ്ധതിവിഹിതം പുനക്രമീകരിച്ച്- ഭരണാനുമതികൾ ഭേദഗതി ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2/2025/HSG തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:-
1. 29.05.2024- ൽ നടന്ന 2024-25 സാമ്പത്തിക വർഷത്തെ വകുപ്പുതല വർക്കിംഗ് കമ്മിറ്റി യോഗം
2. സ. ഉ. (പി) 76/2024/ധന തീയതി 31.08.2024
3. 06.011.2024-ൽ ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

**ഉത്തരവ്**

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി വിഹിതം പ്രകാരമുള്ള പദ്ധതികൾ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിഗണിക്കുകയും പരാമർശം-1 പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ഏഴ് പദ്ധതികൾക്ക് ഭരണാനുമതി നല്കുകയും രണ്ട് പദ്ധതികൾ കൂടുതൽ വ്യക്തത വരുത്തി ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പരിഗണിക്കുവാൻ മാറ്റിവയ്ക്കുകയും ചെയ്തു.

2. പരാമർശം 2 പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നല്കിയിട്ടുള്ള പദ്ധതികൾ പുനപരിശോധിക്കുവാനും പദ്ധതികളുടെ അനിവാര്യത പരിശോധിച്ച്, വകുപ്പിന് ആകെ അനുമതി നല്കിയ തുകയുടെ 50% ആയി നിജപ്പെടുത്തുവാനും ഉത്തരവായി. വകുപ്പ് അധ്യക്ഷൻമാരുമായി 06.11.2024-ൽ യോഗം ചേരുകയും നിലവിലെ സാഹചര്യം കൂടി പരിഗണിച്ച് അനുവദിച്ച തുകയുടെ അനിവാര്യത വിശദമായി പരിശോധിക്കുകയും വകുപ്പിന്റെ ആകെ പദ്ധതിവിഹിതം 50% ആകുംവിധം പദ്ധതികളുടെ ഭരണാനുമതി തുക പുനർനിർണ്ണയിച്ചും ഭരണാനുമതി നല്കിയിട്ടില്ലാത്ത പദ്ധതികളെ ഈ സാമ്പത്തിക വർഷം ഒഴിവാക്കിയും 2024-25 വർഷത്തെ പ്ലാൻ തുക താഴെപ്പറയും പ്രകാരം പുനക്രമീകരിക്കുവാനും ശിപാർശ ചെയ്തു.

| Sl. No. (1) | Name of Project (2) | Budget Provision (Rs. In Lakh) (3) | AS Issued (Rs In Lakh) (4) | As-Go No & Date (5) | Revised AS amount (Rs. In Lakh)( (6) |
|---|---|---|---|---|---|
| 1. | Training Plan & Office Automation<br>2216-80-103-99(38) | 205.00 | 205.00 | GO(Rt) No.23/2024/HSG dtd 07.06.2024 | 100.00 |

| | | | | | |
|---|---|---|---|---|---|
| 2. | EWS / LIG Housing Scheme (Thanteyidam Project) 4216-80-800-95 | **200.00** | **200.00** | GO(Rt) No.33/2024/HSG dtd 15.06.2024 | **100.00** |
| 3. | Loan Linked Subsidy Scheme for LIG/MIG I 4216-80-800-95 | **600.00** | **600.00** | GO(Rt) No.27/2024/HSG dtd 14.06.2024 | **300.00** |
| 4. | Grihashree Housing Scheme 4216-80-190-96 P | **1350.00** | **1350.00** | GO(Rt) No.24/2024/ HSG dtd 13.06.2024 | **750.00** |
| 5 | MN Laksham Veedu Punar Nirmana Padhathi- MN Navayuga Projects 4216-80-800-94 | 300.00 | **300.00** | GO(Rt) No.26/2024/HSG dtd 13.06.2024 | **100.00** |
| 6 | MN Laksham Veedu Punar Nirmana Padhathi- MN Suvarnabhavanam Projects 4216-80-800-94 | **700.00** | **700.00** | GO(Rt) No.25/2024/HSG dtd 13.06.2024 | **700.00** |
| 7 | Housing Loan for Government/Semi Government employees Scheme 6216-80-190-97 P | **300.00** | **300.00** | GO(Rt) No.35/2024/HSG dtd 18.06.2024 | **0 (പദ്ധതി ഈ സാമ്പത്തിക വർഷം ഒഴിവാക്കാവുന്നതാണ്)** |
| 8 | Senior Citizens Home at Kottayam (Gandhi Nagar) and Trivandrum (Nettayam) Districts 6216-80-800-86 | **200.00** | | AS not issued | പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകേണ്ടതില്ല. |
| 9 | PG Hostel near Medical College at Nellikkode, Kozhikode District. 4216-80-201-93 | **100.00** | | AS not issued | പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകേണ്ടതില്ല. |
| 10 | Working Womens Hostel **(Centrally Sponsored Scheme)** | **1.00** | - | - | Only token provision. |
| | **Total** | **3956** | **3655** | | **2050** |

3. സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവന

നിർമ്മാണ ബോർഡിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി വിഹിതം പ്രകാരമുള്ള പദ്ധതികളിൽ ഭരണാനുമതി നൽകിയിട്ടുള്ള ഏഴ് പദ്ധതികളുടെ ഭരണാനുമതി മേൽ പട്ടിക പ്രകാരം അഞ്ചാം (5) കോളം പ്രകാരം അനുമതി നൽകിയ തുകകൾ ആറാം കോളത്തിൽ (6) രേഖപ്പെടുത്തിയ തുകകൾ ആയി ഭേദഗതി ചെയ്യും, ഭരണാനുമതി നൽകിയിട്ടില്ലാത്ത രണ്ടു പദ്ധതികൾ ഈ സാമ്പത്തികവർഷം ഒഴിവാക്കുവാൻ തീരുമാനിച്ചും, ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാഗേഷ്.ഡി

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ധനകാര്യ (പി.യൂ-സി) വകുപ്പ്
ആസൂത്ര സാമ്പത്തിക കാര്യ (എ) വകുപ്പ്
ഐ&പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 25-01-2025 15:17:50